## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1991** — **22.01.2014- ൽ മറുപടിക്ക്**

# വിഴിഞ്ഞം തുറമുഖ പദ്ധതി

**ചോദ്യം**

**ഡോ. ടി.എം.തോമസ് ഐസക് :**

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ടെണ്ടറിൽ അപാകതയുണ്ടെന്ന പരാതിയുണ്ടായിട്ടുണ്ടോ; ഉന്നയിക്കപ്പെട്ട പരാതി എന്താണെന്ന് വിശദമാക്കാമോ; പരാതി ഉന്നയിച്ചിരിക്കുന്നത് ആരാണ്; പരാതിയെത്തുടർന്ന് ടെണ്ടർ പരിഷ്ക്കരിച്ചിട്ടുണ്ടോ; പരിഷ്ക്കരണം ഏതെല്ലാം നിലയിലാണെന്ന് വെളിപ്പെടുത്താമോ ;

**മറുപടി**

**ശ്രീ. കെ.ബാബു**
**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)**

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ടെണ്ടറുകളുമായി ബന്ധപ്പെട്ട് വിഴിഞ്ഞം മദർപോർട്ട് ആക്ഷൻ കൗൺസിൽ എന്ന സംഘടനയുടെ ഒരു പരാതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതിയിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ ഇവയാണ്.

1. സംസ്ഥാനത്തിന്റെ ഇ.പി.സി. ടെൻഡർ 2664(1250 + 1414) കോടിയായി ഉയർത്തുക.
2. 2664 കോടിയുടെ ധനാഗമ മാർഗ്ഗങ്ങൾ പ്രഖ്യാപിക്കുക.
3. പി.പി.പി. ടെൻഡർ 977 കോടിയായി പുന:ക്രമീകരിക്കുക.
4. മൊത്തം അടങ്കൽ 5250 നു പകരം 3641 കോടിയായി ചുരുക്കുക.
5. G.O(MS)No.69/2013/F&PD dt: 29-11-2013-ലെ മോഡൽ നം.1 നടപ്പാക്കുക.
6. പദ്ധതി പൂർത്തിയാക്കുന്നതിന് കൗണ്ട് ഡൗൺ പ്രഖ്യാപിക്കുക.

Viability Gap Funding (VGF) ലഭിക്കുന്നതിനു വേണ്ടി പദ്ധതി പുന:ക്രമീകരിക്കുകയും അതനുസരിച്ച് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ സ്വകാര്യ പങ്കാളിയെ കണ്ടെത്തുന്നതിനുള്ള ടെണ്ടറിന്റെ ഭാഗമായ

Request for Qualification (RFQ) ആണ് പുറപ്പെടുവിച്ചിട്ടുള്ളത്. പരാതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത Request for Qualification ടെൻഡർ പരിഷ്കരിച്ചിട്ടില്ല.

(ബി) നടത്തിപ്പിലെ പങ്കാളികളെ ക്ഷണിക്കുന്നതിനുള്ള ടെണ്ടറിൽ, പദ്ധതി തുക കണക്കാക്കിയിരിക്കുന്നത് എത്ര കോടിയാണ്; ഇത് കുറച്ചിട്ടുണ്ടോ; പദ്ധതിയുടെ മൊത്തം അടങ്കൽ എത്ര കോടിയാണ്; ഏതെല്ലാം മാർഗ്ഗങ്ങളിലൂടെ പദ്ധതി തുക സമാഹരിക്കാനാണുദ്ദേശിക്കുന്നത്; വിശദമാക്കാമോ ?

(ബി) ആർ.എഫ്.ക്യൂവിൽ Public Private Partnership (PPP) നിക്ഷേപമായി കാണിച്ചിരുന്നത് 4000 കോടിയാണ് (2012 റേറ്റ് പ്രകാരം). ഈ തുക പുതിയ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാന ത്തിൽ ഉണ്ടാക്കിയിട്ടുള്ള ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ടിലെ ഒന്നാം ഘട്ടവും രണ്ടാം ഘട്ടവും ഉൾപ്പെടെയുള്ളതാണ്. ജനുവരി 8-ാം തീയതി കൊടുത്തിട്ടുള്ള Request for Qualification Addendum പ്രകാരം പ്രസ്തുത തുക 2014 ഏപ്രിൽ റേറ്റിലേക്ക് മാറ്റി 4,800 കോടി ആക്കി കാണിക്കുകയും നിക്ഷേപകർക്ക് ഒന്നാം ഘട്ടം മാത്രമായി ചെയ്യുന്നതിനുള്ള ഓപ്ഷൻ നൽകുകയും ചെയ്തിട്ടുണ്ട്. സ്വകാര്യ മേഖലയിൽ നിന്നും വരുമെന്ന് പ്രതീക്ഷിക്കുന്ന തുകയാണിത്. ഇത് സൂചിക തുക (Indicative Cost) ആയാണ് Request for Qualification -ൽ പറഞ്ഞിട്ടുള്ളത്. ഇതിൽ Request For Proposal (RFP) ഡോക്യുമെന്റ് പ്രസിദ്ധീകരിക്കുമ്പോൾ മാറ്റം ഉണ്ടാകുന്നതാണ്.

പരാതിയിൽ പറഞ്ഞിരിക്കുന്ന പല തുകകളും പഴയ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാന ത്തിലും 2010 റേറ്റ് പ്രകാരവുമാണ്. ഈ റേറ്റുകൾ പുതിയ മാസ്റ്റർ പ്ലാൻ പ്രകാരവും 2014 റേറ്റ് പ്രകാരവും മാറ്റം വരുന്നതാണ്. പദ്ധതി പുനഃക്രമീകരിക്കുന്നതിനു മുമ്പ് സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന

വിഹിതം 1646 കോടി രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്. Viability Gap Funding ലഭിക്കുന്നതിനു വേണ്ടി പദ്ധതി പുനഃക്രമീകരിച്ചുവെങ്കിലും സംസ്ഥാന വിഹിതം കൂടുന്നില്ല. Viability Gap Funding ആയി കേന്ദ്ര സംസ്ഥാന സർക്കാരുകൾ എത്ര നൽകേണ്ടി വരുമെന്ന കാര്യം സ്വകാര്യ പങ്കാളിയെ തെരഞ്ഞെടുക്കുമ്പോൾ മാത്രമേ അറിയുകയുള്ളു.

പുതിയ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് പ്രകാരം പദ്ധതിയുടെ ആദ്യ ഘട്ടത്തിന്റെ മൊത്തം അടങ്കൽ തുക ഭൂമി ഏറ്റെടുക്കൽ, വൈദ്യുതി, ജലം, റോഡ് എന്നിവ ഉൾപ്പടെ 5,187 കോടി രൂപയാണ് . ഇതിൽ പോർട്ട് നിർമ്മാണ ചെലവ് 3640 കോടിയാണ്. (തുക 2012 വർഷത്തെ റേറ്റ് പ്രകാരമാണ്). പദ്ധതിയ്ക്കുള്ള ധനസമാഹരണം ബാങ്കുകൾ വഴിയും മറ്റു ധനകാര്യ സ്ഥാപനങ്ങൾ വഴിയും ബോണ്ടുകളായും ആണ് നടത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ